**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.275      25.04.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി യുടെ പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാട്ടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി യുടെ പുതിയ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടും ജനങ്ങൾക്ക് തുറന്ന കൊടുക്കാത്തത് മൂലം ഉണ്ടായിട്ടുളള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാതിക്കുടം പി.എച്ച്.സിയുടെ ഒ.പി ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പുതിയി കെട്ടിടത്തിന്റെ നിർമ്മാണ ചുമതല വഹിക്കുന്നത്. പണി പൂർത്തീകരിക്കുന്നതിന് തടസ്സമായി വിജിലൻസ് കേസ് നിലനിൽക്കുന്നുണ്ട്. പണി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | കക്കാട് പി.എച്ച്.സിയുടെ പേര്,കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം കാതിക്കുടം പി.ഒ എന്നാക്കി മാറ്റുന്നതിനായുളള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | 30.11.2016-ാം തീയ്യതിയിലെ സ.ഉ(എം.എസ്) നം.3207/16/ആ.കു.വ പ്രകാരം കക്കാട് പി.എച്ച്.സിയുടെ പേര് കാട്ടുകുറ്റി പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം, കാതിക്കുടം പി.ഒ എന്ന് മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ